**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3340** **01-03-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എണ്ണായിരത്തോളം വരുന്ന പട്ടയ അപേക്ഷകളിന്മേൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീർപ്പ് കല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക് വില്ലേജിലെ എയ്ഞ്ചൽ വാലി പമ്പാ വാലി പ്രദേശം 1956ന് മുൻപ് റവന്യൂ വകുപ്പിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരുന്നതായതിനാൽ 1980ലെ കേന്ദ്ര വന സംരക്ഷണ നിയമം ബാധകമാകില്ല. അതിനാൽ 1964ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകാൻ ഉത്തരവായിരുന്നു. എന്നാൽ ടി പ്രദേശങ്ങൾ പത്തനംതിട്ട ജില്ല രൂപീകരിച്ച സമയം ടി ജില്ലയിൽ ഉൾപ്പെടുത്തിയിരുന്നതാണെങ്കിലും പിന്നീട് കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തുകയുമുണ്ടായി. ഈ പ്രദേശങ്ങൾ കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർവേ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പട്ടയം അനുവദിക്കുന്നത് സംബന്ധിച്ചും ആയതിലേക്കായി അധിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ചും കോട്ടയം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു . |
| (ബി) | മണ്ഡലത്തിലെ കെട്ടിക്കിടക്കുന്ന പട്ടയ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി അധിക ജീവനക്കാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക് വില്ലേജിലെ എയ്ഞ്ചൽ വാലി പമ്പാ വാലി പ്രദേശം 1956ന് മുൻപ് റവന്യൂ വകുപ്പിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരുന്നതായതിനാൽ 1980ലെ കേന്ദ്ര വന സംരക്ഷണ നിയമം ബാധകമാകില്ല. അതിനാൽ 1964ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകാൻ ഉത്തരവായിരുന്നു. എന്നാൽ ടി പ്രദേശങ്ങൾ പത്തനംതിട്ട ജില്ല രൂപീകരിച്ച സമയം ടി ജില്ലയിൽ ഉൾപ്പെടുത്തിയിരുന്നതാണെങ്കിലും പിന്നീട് കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തുകയുമുണ്ടായി. ഈ പ്രദേശങ്ങൾ കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർവേ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പട്ടയം അനുവദിക്കുന്നത് സംബന്ധിച്ചും ആയതിലേക്കായി |

| | | | |
|---|---|---|---|
| | | | അധിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ചും കോട്ടയം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ